പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2665 11.10.2011-ൽ മറുപടിയ്ക്ക്

## പിന്നോക്ക സമുദായക്ഷേമ ഡയറക്ടറേറ്റ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | | ശ്രീ. എ. പി. അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് പിന്നോക്ക സമുദായക്ഷേമ ഡയറക്ടറേറ്റ് നിലവിൽ വന്നിട്ടുണ്ടോ; | എ) | പിന്നോക്കക്ഷേമ വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. 14.9.2011-ലെ സർക്കാർ ഉത്തരവ് (കൈ)92/2011/പജപവവിവ പ്രകാരം പിന്നോക്ക വിഭാഗ ഡയറക്ടറേറ്റ് രൂപീകരിക്കുവാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിക്കുവാൻ പട്ടികജാതി വികസന വകുപ്പ് അഡീഷണൽ ഡയറക്ടർ ശ്രീ.വി.ആർ ജോഷിയെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. |
| ബി) | ഡയറക്ടറേറ്റിന്റെ ഘടനയും ചുമതലകളും വിശദീകരിക്കാമോ; | ബി) | |
| സി) | ന്യൂനപക്ഷ വിഭാഗങ്ങളേയും ഇതിന്റെ പരിധിയിൽ കൊണ്ടു വരുമോ; ഇല്ലെങ്കിൽ പിന്നോക്ക - ന്യൂനപക്ഷ വിഭാഗങ്ങൾക്കായി ഒരു ഡയറക്ടറേറ്റ് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ; | സി) | ന്യൂനപക്ഷ വിഭാഗങ്ങൾക്കായി 1.1.2011-ലെ സർക്കാർ ഉത്തരവ് (പി) 2/2011/പൊഭവ പ്രകാരം ന്യൂനപക്ഷക്ഷേമ വകുപ്പ് രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ഡി) | ഡയറക്ടറേറ്റുകൾക്ക് മേഖലാതലത്തിലും ജില്ലാതലത്തിലും പ്രത്യേക ഓഫീസുകൾ ആരംഭിക്കുമോ? | ഡി) | ഡയറക്ടറേറ്റുകളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതുമായി ബന്ധപ്പെടുത്തി ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.